പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3273

25.06.2012 ൽ മറുപടിയ്ക്ക്

## ശ്രുതി തരംഗം പദ്ധതിയുടെ വിശദാംശങ്ങൾ

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി | |
|---|---|---|---|
| എ | ശ്രുതിതരംഗം പദ്ധതിയുടെ ഭാഗമായി ചെവിയുടെ എന്തെല്ലാം തരത്തിലുള്ള പോരായ്മകൾ ചികിത്സിക്കുന്നതിനാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത് എന്ന് പറയാമോ ; | എ | ശ്രുതിതരംഗം പദ്ധതിയിലൂടെ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ മുഖേന കേൾവി ശേഷിയും സംസാരശേഷിയും വീണ്ടെടുക്കുന്നതിനുള്ള ചികിത്സാ സഹായമാണ് അനുവദിക്കുന്നത്. |
| ബി | കോക്ലിയർ ഇംപ്ലാന്റ് നടത്തുന്നതിന് സർക്കാർ സാമ്പത്തിക സഹായം എത്ര വയസ്സുവരെയുള്ള കുട്ടികൾക്കാണ് നൽകുന്നതെന്ന് അറിയിക്കാമോ; എത്ര കുട്ടികൾക്ക് പ്രസ്തുത പദ്ധതി വഴി സഹായം നൽകിയെന്നും എത്ര രൂപ ഇതിനോടകം ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ ; | ബി | ബധിരരും മൂകരുമായ 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. മൂന്ന് വയസ്സുവരെയുള്ള കുട്ടികൾക്കാണ് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ ഏറ്റവും നല്ല ഫലം ലഭിക്കുവാൻ സാധ്യതയുള്ളത്. മൂന്നു വയസ്സിനു മുകളിലുള്ള കുട്ടികളെ റീജിയണൽ ടെക്നിക്കൽ കമ്മറ്റി ശുപാർശ ചെയ്യുകയാണെങ്കിൽ പരമാവധി 5 വയസ്സു വരെ പ്രത്യേക പരിഗണന നൽകി കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.<br><br>ശ്രുതിതരംഗം പദ്ധതി പ്രകാരമുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ ഒരു കുട്ടിക്ക് മാത്രമെ നൽകിയിട്ടുള്ളു. ആയതിലേയ്ക്കുള്ള ഇംപ്ലാന്റിന്റെ വിലയായ 4,56,521 രൂപ കമ്പനിയ്ക്ക് നൽകാനുണ്ട്. |
| സി | സർക്കാർ ജീവനക്കാരുടെ മക്കൾക്ക് ശ്രുതിതരംഗം പദ്ധതിയിലൂടെ കോക്ലിയ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സാമ്പത്തിക | സി | കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് ശ്രുതിതരംഗം പദ്ധതി ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| | സഹായം നൽകുന്നുണ്ടോ ; എത്ര വയസ്സുവരെയുള്ള കുട്ടികൾക്കാണ് സഹായം നൽകുന്നത് ; എത്ര രൂപ വരെയുള്ള സഹായമാണ് നൽകുന്നതെന്ന് വിശദമാക്കാമോ; ഇതു സംബന്ധിച്ച വിശദമായ വിവരം നൽകുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | | അതുപ്രകാരം ഒരു കുട്ടിയ്ക്ക് സർജറി നടത്താനായി നിലവിൽ 4,56,521 രൂപ വിലയുള്ള ഇംപ്ലാന്റ് ഉപകരണം ആശുപത്രിക്കു നൽകുകയും അതിനുശേഷമുള്ള മാപ്പിംഗിനും രണ്ടു വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ റീഹാബിലിറ്റേഷനുമായി 50,000 രൂപ അനുവദിക്കുകയും ചെയ്യും.<br><br>സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ കേൾവിക്കുറവുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിന് ചെലവാകുന്ന തുക കേരള മെഡിക്കൽ അറ്റൻഡന്റ്സ് റൂൾ 1960 പ്രകാരം റീ ഇമ്പേഴ്സ് ചെയ്യുന്നതിന് 02.02.2012 ലെ സ.ഉ. (എം.എസ്) നമ്പർ 33/12/ആ.കു.വ. പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

R. Vijayesh

സെക്ഷൻ ഓഫീസർ

3273

# കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്—സർക്കാർ ജീവനക്കാരുടെ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനുള്ള ചെലവ് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

സ. ഉ. (എംഎസ്.) നമ്പർ 33/12/ആ.കു.വ. *തിരുവനന്തപുരം, 2012 ഫെബ്രുവരി 2.*

---

സൂചന:—ജി. ഒ. (എംഎസ്.) നമ്പർ 61/2011/സാമൂഹ്യക്ഷേമ വകുപ്പ്, തീയതി 22-12-2011.

## ഉത്തരവ്

കേൾവിക്കുറവുള്ള കുഞ്ഞുങ്ങൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്നതിലേക്കായി വേണ്ടിവരുന്ന ചെലവിന് സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സൂചനപ്രകാരം ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ കേൾവിക്കുറവുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിന് ചെലവാകുന്ന തുക കേരള മെഡിക്കൽ അറ്റൻഡന്റ്സ് റൂൾ 1960 പ്രകാരം റീഇമ്പേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതിന് അർഹരായ കുട്ടികൾക്ക് സംസ്ഥാന കോക്ലിയർ ഇംപ്ലാന്റേഷൻ പരിപാടിയിലെ മാർഗ്ഗ നിർദ്ദേശമനുസരിച്ചായിരിക്കണം ശസ്ത്രക്രിയ നടത്തേണ്ടത്. റീഇമ്പേഴ്സ്മെന്റ് തുകയും രീതിയും പ്രസ്തുത പ്രോഗ്രാം മാർഗ്ഗരേഖകൾ അനുസരിച്ചായിരിക്കും നടത്തുക.

ഇതിലേക്കായി കേരള മെഡിക്കൽ അറ്റൻഡന്റ്സ് റൂൾ 1960-ൽ ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**രാജീവ് സദാനന്ദൻ,**
*പ്രിൻസിപ്പൽ സെക്രട്ടറി.*

GCPT. 3/758/2012/DTP.

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്, തിരുവനന്തപുരം.
എല്ലാ വകുപ്പുതലവൻമാർക്കും ആഫീസുകൾക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
മെഡിക്കൽകോളേജ് ഹോസ്പിറ്റൽ തിരുവനന്തപുരം/തൃശ്ശൂർ/കോഴിക്കോട്.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---

R. Vijayan
സെക്ഷൻ ഓഫീസർ